## അക്കല്ദാമ (രക്തനിലം)

കാലത്രയത്തിലൂടൊഴുകുന്നു ഗ്രീഷ്മം,
വർണ്ണപീലി വിടർത്തുന്നു വെൺമുകിൽ;
നീരാളം നിർത്തി വരവേൽപ്പൂ മാധവം,
കണിക്കൊന്നയുതിർക്കും പുഷ്പങ്ങളാൽ.

കാതരേ! കണ്ടൂ ഞാനന്നാ കൽപടവിൽ,
കിന്നാരം ചൊല്ലി കളിപറഞ്ഞ്;
പൂക്കളാം ചെമ്പകം, മുല്ല, മന്ദാരങ്ങൾ,
പൊട്ടിച്ചെടുക്കും രണ്ടരിപ്രാക്കളെ.

തേന്മാവിൻ തണലിലും ചാമ്പതൻ ചോട്ടിലും,
ഓടിക്കളിച്ചും, ഒളിച്ചിരുന്നും
എൻ സോദരിക്കൊപ്പം പഠിച്ചനിന്നെ,
ഓർക്കുന്നവളെപ്പോലിന്നും സഖീ.

വിടരാൻ കൊതിക്കുന്ന പല്ലവം പോൽ,
നിന്നിളം മേനി തളിർത്തിരുന്നു;
കുട്ടിയുടുപ്പിട്ടോടുന്ന ബാല്യമൊ-
വിട്ടുപിരിയാൻ മടിച്ചുനിന്നു.

നിൻ നീലനയനങ്ങൾ കൂമ്പിനിന്നു,
അതിൽ നീർവാകപ്പൂക്കൾ വിതുമ്പിനിന്നു;
മുഗ്ദനൈർമല്ല്യമെ! നിയെന്റെ സ്മരണയിൽ,
മായാത്ത മങ്ങാത്ത ദുഃഖമായി,
ഇന്ന് മനമിതിൽ മറയാത്ത സത്യമായി.

അച്ഛനുപേക്ഷിച്ചൊരമ്മയും കുഞ്ഞുമായ്,
ജീവിച്ചു ഈ ലോകത്തെന്നും തന്നെ,
കണ്ണീർ വറ്റാത്ത തേങ്ങും മനസ്സുമായ്;
ജീവിച്ചാമാതാവ് പുത്രിക്കായി.

യവനിക മറയുമ്പോൾ രംഗം മായുന്നു,
ഇരവും പകലും മാറിമറയുന്നു.
സരസ്സിൽ വിരിഞ്ഞൊരു ചെന്താമരനീ
തപസ്സാൽ വിടരും അഴകായി.



കുറുകുന്നു ഇണപ്രാക്കൾ മോഹങ്ങളായ്,
മനസ്സിൽ കൊരുത്തു സ്വപ്നങ്ങളും;
നഗരത്തിൽ നിന്നെത്തീ ഒരുമാരൻ,
പെണ്ണിനു കല്യാണം നിശ്ചയിച്ചു.

സ്ത്രീതന്നെ ധനമെന്നു മൊഴിഞ്ഞെങ്കിലും,
പ്രൗഢിതൻ കണക്ക് അവൻ നിരത്തി;
മുത്തച്ഛൻ നൽകീ പണവും, പണ്ടവും,
പൗത്രിതൻ ഭാവി സുരക്ഷയ്ക്കായി.

മംഗല്യം കഴിയവെ തിരിച്ചുപോയി,
കൂടൊന്നു കൂട്ടില്ല്യോ പട്ടണത്തിൽ;
സ്നേഹത്താൽ പോതിഞ്ഞവൾ തൻ പതിയെ-
ഭൂമിയിൽ വാഴും ദൈവമായ് കണ്ടു.

മാസങ്ങൾ, ദിനങ്ങളായി കടന്നുപോകേ,
ജീവിതം തളിർത്തെന്നു തോന്നിപ്പോയി;
കാന്തന്റെ വരവിനായ് കാതോർത്തുനിൽക്കേ-
വാതിൽക്കൽ വന്നെത്തി ഒരു രൂപം.

ഒക്കത്തുറങ്ങുന്ന കുട്ടിയുമായവൾ,
ചോദിച്ചു നീയാര്? അറീല്ലല്ലോ,
മറുചോദ്യം ചോദിക്കാനൊരുങ്ങവെ ചൊല്ലി-
ഞാൻ ഗോപന്റെ ഭാര്യ ഇതെന്റെ പുത്രി.

അണ്ഡകടാഹങ്ങൾ ഞെട്ടിവിറച്ചുപോയ്,
തമസ്സു പടർന്നൂ നയനങ്ങളിൽ;
ഹൃദയത്തിൻ താളങ്ങൾ ഉച്ചത്തിലായി-
മസ്തിഷ്കം മന്ദിച്ചു മരവിച്ചുപോയി.

ഓർത്തുപോയവൾ തന്റെ തകർച്ചകൾ,
ത്യജിക്കപ്പെട്ടൊരു ബാല്യകാലോം;
ആവർത്തനങ്ങളൊ, അതിമാത്രങ്ങളായ്,
പിൻതുടരുന്നോ ഈ ജന്മം തന്നിലും.

ഒന്നും ഓർക്കാതവൾ കുരുക്കിട്ടു ഗളത്തിൽ,
തൂങ്ങി മരിച്ചൂ സാരിത്തലപ്പിനാൽ.

നിഴലായി നീയെന്നെ തേടിയെത്തുമ്പോൾ;
എന്നിലുദിക്കും പൂർണേന്ദു നീമാത്രം.

അർദ്ധനാരീശ്വരൻ എന്നതാം യാഥാർത്ഥ്യം,
മിഥ്യയാകുന്നുവൊ ഈ രണഭൂമിയിൽ;
ലക്ഷ്മിയാമവളെ ദുർഗ്ഗയായ് തീർക്കുന്നു-
കാപാലികമാം അധമലോകം.

മുപ്പതുവെള്ളിക്കാശിനായ് വിൽക്കുമ്പോൾ,
മർത്യന്റെ ദാഹം തീർന്നുവോ മണ്ണിൽ;
ആദിപരാശക്തിയവളുടെ നെഞ്ചിൽ,
പിൻ തുടരുന്നു അക്കൽദാമകൾ.
പിന്നെയും, പിന്നെയും അക്കൽദാമകൾ.
അക്കൽദാമകൾ പിന്നെയും
പിന്നെയും അക്കൽദാമകൾ.